**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2481** **21-01-2021 - ൽ മറുപടിയ്ക്ക്**

**ദേശീയ ഗെയിംസ് മെഡൽ ജേതാക്കൾക്കുള്ള ജോലി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് ജോലി നൽകാമെന്ന വാഗ്ദാനം സർക്കാർ പാലിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ നിയമനം നൽകിയിട്ടുണ്ട്. 35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മുപ്പത്തി അഞ്ചാമത് ദേശീയ ഗെയിംസിൽ വെള്ളി, വെങ്കലം മെഡലുകൾ നേടിയ 84 താരങ്ങൾക്ക് അഞ്ച് വർഷമായിട്ടും ജോലി നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ബി) | 35ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിന് എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. ധനകാര്യ വകുപ്പിന്റെ അഭിപ്രായപ്രകാരം, കായികതാരങ്ങളെ ഉൾക്കൊള്ളിക്കുന്നതിലേയ്ക്കായി എൽ.ഡി.ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിന് വിവിധ വകുപ്പുകളുടെ ആവശ്യകതയും പ്രസ്തുത വകുപ്പുകളിൽ കായിക താരങ്ങളെ നിയമിക്കുന്നതിനുള്ള 'സ്പെസിഫിക് പ്ലെയ്സ് ഓഫ് പോസ്റ്റിംഗ്' ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൊതുഭരണ വകുപ്പ് മുഖേന സ്വീകരിച്ചു വരുന്നു. |
| (സി) | ഈ കായിക താരങ്ങളുടെ പ്രശ്നം സംബന്ധിച്ച് ധനകാര്യ വകുപ്പിൽ ഫയൽ നിലവിലുണ്ടോ; ആയത് പരിഹരിക്കാത്തതാണോ പ്രശ്നങ്ങൾക്ക് കാരണമെന്ന് വിശദീകരിക്കാമോ? | (സി) | നിലവിൽ ഇതു സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ